LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട നമമാത്ര കർഷക പെൻഷൻ

157 (1526) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചെറുകിട നാമമാത്ര കർഷകർക്ക് നൽകിവരുന്ന പെൻഷന്റെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) നിലവിൽ എന്തു നിരക്കിലാണ് ഈ പെൻഷൻ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015-16 ബഡ്ജറ്റ് വിഹിതമായ 103.2 കോടി രൂപ 330599 കർഷകർക്ക് ഒക്ടോബർ മാസം 2014 വരെ പെൻഷൻ നൽകാനായി വിതരണം ചെയ്തു. നവംബർ മാസം 2014 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്. 347.80 കോടി രൂപ കൂടി അധികമായി ലഭിച്ചാൽ മാത്രമേ മാർച്ച് 2016 വരെ പെൻഷൻ കുടിശ്ശിക ഇല്ലാതെ നൽകുവാൻ സാധിക്കുകയുള്ളൂ.

(സി) ഏപ്രിൽ മാസം 2014 മുതൽ പ്രതിമാസം 600 രൂപ നിരക്കിലാണ് കർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുള്ളത്.

നാളികേര ഉൽപാദനം

158 (1527) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നാളികേര വികസന ബോർഡ് 2014-15-ൽ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് നാളികേര ഉൽപാദനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;